ഈ ഗവൺമെൻറ് അധികാരത്തിൽ വന്നതിനുശേഷം നടന്ന കൊലപാതകങ്ങളും ആത്മഹത്യകളും

733 [863] ശ്രീ. ലോനപ്പൻ നമ്പാടൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സഭയെ മറുപടി നൽകുമോ:

(എ) ഈ ഗവൺമെൻറധികാരത്തിൽ വന്നതിനുശേഷം സംസ്ഥാനത്ത് എത്ര കൊലപാതകങ്ങളും ആത്മഹത്യകളും നടന്നിട്ടുണ്ട്;

(ബി) അതിൽ എത്ര രാഷ്ട്രീയക്കൊലപാതകങ്ങളും നടന്നിട്ടുണ്ട്;

(സി) അവരുടെ പാർട്ടി തിരിച്ച് കണക്കുകളും പറയാമോ;

(ഡി) ഇതുസംബന്ധമായി എത്ര പ്രതികളെ ഇനി പിടിക്കാനുണ്ട്; പിടിക്കാനുള്ള പ്രതികളുടെ കേസുകളും ഏതു തീയതികളിലാണ് രജിസ്റ്റർ ചെയ്തത്;

(ഇ) എത്ര കേസുകളും ഇനി കോടതിയിൽ കൊടുക്കാനുണ്ട്; ആ കേസുകളും രജിസ്റ്റർ ചെയ്ത തീയതികളും വ്യക്തമാക്കുമോ;

(എഫ്) പ്രതികളെ കിട്ടാനുള്ള കേസുകളിൽ പ്രതികളെ പിടികൂന്നതിന് എന്തു നടപടികളാണ് എടുത്തത്?

ഉത്തരം

(എ) വിവരം ശേഖരിച്ച് വരുന്നു.

(ബി) 85 രാഷ്ട്രീയ കൊലപാതകങ്ങളും നടന്നിട്ടുണ്ട്.

(സി) സി. പി. എം.–26, സി. പി. ഐ.–5, കോൺഗ്രസ് (ഐ)–31, ആർ. എസ്. എസ്.–12, കേരളാ കോൺഗ്രസ്–2, ഐ. യു. എം. എൽ–3, ബി. എൽ. ഡി.–1, ബി. ജെ. പി.–3, കോൺഗ്രസ് എസ്–2.

(ഡി) രാഷ്ട്രീയ കൊലപാതകങ്ങളുമായി ബന്ധപ്പെട്ട് രണ്ട് കേസ്സുകളിലായി 37 പ്രതികളെ പിടികിട്ടാനുണ്ട്. പ്രസ്തുത കേസുകളും 26.6.1986–ലും 29.6.1986–ലുമാണ് രജിസ്റ്റർ ചെയ്തിട്ടുള്ളത്.

(ഇ) രാഷ്ട്രീയ കൊലപാതക കേസ്സുകളിൽ 5 എണ്ണം കോടതിയിൽ കൊടുക്കാനുണ്ട്. അവ രജിസ്റ്റർ ചെയ്ത തീയതികളും ചുവടെ ചേർക്കുന്നു:

(1)	ക്രൈം നമ്പർ 77/86	26.6.1986
(2)	ക്രൈം നമ്പർ 23/86	22.2.1986
(3)	ക്രൈം നമ്പർ 46/86	11.2.1986
(4)	ക്രൈം നമ്പർ 119/86	17.4.1986
(5)	ക്രൈം നമ്പർ 50/86	17.4.1986

(എഫ്) പരിചയ സമ്പന്നരും പ്രഗൽഭരുമായ പോലീസുദ്യോഗസ്ഥൻമാരെ കേസ് അന്വേഷണത്തിന് നിയോഗിച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly